പ്രസിദ്ധികരണത്തിന്

പത്രാധിപർക്ക്, - വാർത്ത

ഫോട്ടോഗ്രാഫി മത്സരം

.......................................

ഇരിങ്ങാലക്കുട നഗരസഭ, പിഎംഎവൈ നഗരം ലൈഫ് പദ്ധതിയുടെ അംഗികാർ ക്യാമ്പെയിനോടനുബന്ധിച്ച്.

"സുരക്ഷിതഭവനം" എന്ന വിഷയത്തിൽ ഫോട്ടോഗ്രാഫി മത്സരം നടത്തുന്നു.

മൊബൈൽ ഫോട്ടോഗ്രാഫി, ഡി എസ് എൽ ആർ ഫോട്ടോഗ്രാഫി എന്നീ രണ്ട് ഇനങ്ങളിലാണ് മത്സരം.

നിബന്ധനകൾ.

1.ഇരിങ്ങാലക്കുട നഗരസഭ പ്രദേശത്ത് ഉള്ളവരായിരിക്കണം മത്സരാർത്ഥികൾ.

2.പ്രായപരിധിയോ ഫീസോ ഇല്ല.

3.പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം, ഇരിങ്ങാലക്കുട നഗരസഭ പരിധിയിൽ നിർമ്മാണം പൂർത്തിയായ വീടുകളുടെ ഫോട്ടോ ആയിരിക്കണം മത്സരത്തിനായി സമർപ്പിക്കേണ്ടത്.

4.എടുത്ത ഫോട്ടോകൾ പ്രിന്റ് ആയും JPEG ആയും ലഭിക്കേണ്ടതാണ്.

5.ഒരു വ്യക്തിക്ക് പരമാവധി 10 എൻട്രി വരെ സമർപ്പിക്കാം.

6.ഫോട്ടോഗ്രാഫി എഡിറ്റ് ചെയ്യാൻ പാടില്ല.

7. മൈബൈൽ ഫോട്ടോ 8*10 വലിപ്പത്തിലും ഡി എസ് എൽ ആർ ഫോട്ടോ 12*18 വലിപ്പത്തിലുമുള്ളവയാണ് സമർപ്പിക്കേണ്ടത്.

8. ഫോട്ടോ എടുക്കുന്ന വീടിന്റെ ഗുണഭോക്താവിന്റെ പേര് വിവരങ്ങൾ, വാർഡ്, ഫോട്ടോ എടുക്കുവാൻ ഉപയോഗിച്ച ക്യാമറ/മൊബൈൽ സ്പെസിഫിക്കേഷൻസ്, ഫോട്ടോഗ്രാഫറുടെ ബയോഡാറ്റ എന്നിവ സഹിതം നവംബർ 25 ന് മുൻപ് ഇരിങ്ങാലക്കുട നഗരസഭ പിഎംഎവൈ സെക്ഷനിൽ നേരിട്ട് ലഭ്യമാക്കുകയോ കുടുംബശ്രീ-പിഎംഎവൈ സെക്ഷൻ, ഇരിങ്ങാലക്കുട നഗരസഭ, എന്ന വിലാസത്തിൽ അയയ്ക്കുകയോ ചെയ്യാം.

9. ഫോട്ടോയുടെ സോഫ്റ്റ് കോപ്പി, pmay.ijk@gmail.com എന്ന ഇമെയിൽ വിലാസത്തിലോ സിഡിയിലാക്കി നഗരസഭ പിഎംഎവൈ സെക്ഷനിൽ നേരിട്ടോ ലഭ്യമാക്കണം.

10. ഡിഎസ്എൽആർ ക്യാമറ ഉപയോഗിച്ച് ഫോട്ടോ എടുക്കുന്നവർ പൂർത്തികരിച്ച വീടുകൾ ആണ് ഫോട്ടോ എടുക്കേണ്ടത്.മൊബൈലിൽ ഫോട്ടോ എടുക്കുന്നവർക്ക്, PMAY പദ്ധതി പ്രകാരം പണി നടക്കുന്ന ഏതു വീടിന്റെയും ഫോട്ടോ എടുക്കാവുന്നതാണ്.

11.കവറിനു പുറത്ത് പിഎംഎവൈ അംഗികാർ ക്യാമ്പയിൻ എന്ന് രേഖപ്പെടുത്തണം.

എന്ന്

ചെയർപേഴ്സൺ

ഇരിങ്ങാലക്കുട നഗരസഭ